II ഇ.ബി. XII- കേരള നിയമസഭ/X-2

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 ഫെബ്രുവരി 18, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

3(*31&*38) ജയിൽ നിയമം പരിഷ്ക്കരിക്കൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, 1894-ലെ ഇൻഡ്യൻ പ്രിസൺസ് ആക്റ്റിന്റെയും 1950-ലെ ട്രാവൻകൂർ കൊച്ചിൻ പ്രിസൺസ് ആക്റ്റിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജയിലുകൾക്ക് ഏകീകരിച്ച ഒരു ജയിൽ നിയമമുണ്ടാക്കാനുളള കരട് നിർദ്ദേശം തയ്യാറായിട്ടുണ്ടെന്നും ഇത് വകുപ്പുതലത്തിൽ പരിശോധിച്ച് അടുത്ത സമ്മേളനത്തിൽ ബിൽ ആയി അവതരിപ്പിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് ഹൈ സെക്യൂരിറ്റി പ്രിസൺ ആരംഭിക്കുമ്പോൾ അതിന്റെ ഭരണനിയന്ത്രണം സംബന്ധിച്ചും തടവുകാരുടെ അഭിരുചിക്കും കഴിവിനും അനുസരിച്ച് ജയിലുകളിൽ അവർക്ക് തൊഴിൽ നൽകുന്നതിനും തടവുകാരുടെ മാനസികവും ശാരീരികവുമായ ക്ഷേമത്തെ ലക്ഷ്യമാക്കി യോഗ,

മെഡിറ്റേഷൻ തുടങ്ങിയ കാര്യങ്ങൾ ജയിലുകളിൽ പരിശീലിപ്പിക്കാനും അവരിൽ ധാർമ്മികവും മാനുഷികവുമായ മൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനുവേണ്ടി വിവിധ വിഷയങ്ങളെ അധികരിച്ച് ക്ളാസ്സുകൾ നടത്തുന്നതിനും വിദ്യാഭ്യാസം ആഗ്രഹിക്കുന്ന തടവുകാർക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് വിനോദത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പരോൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിനും ജയിൽ ഡിപ്പാർട്ട്മെന്റിനെ പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ് എന്ന് പുനർനാമകരണം ചെയ്യുന്നതിനും ഒരു വർഷത്തിൽ കൂടുതൽ വിചാരണ തടവുകാരായി ജയിലിൽ കഴിയുന്നവരുടേയും ചാർജ്ജ് ചെയ്ത കുറ്റത്തിന് നൽകാവുന്ന പരമാവധി ശിക്ഷയുടെ പകുതി കാലയളവ് വിചാരണ തടവുകാരായി ജയിലിൽ കഴിഞ്ഞവരുടേയും കേസ്സുകൾ പരിശോധിച്ച് നടപടി എടുക്കുന്നതിന് ഓരോ ജില്ലയിലും ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജ് ചെയർമാനായുള്ള ഒമ്പതംഗ കമ്മിറ്റി രൂപീകരിക്കുന്നതിനും കരട് നിയമത്തിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജലക്ഷാമം പരിഹരി ക്കുന്നതിനായി ജയിലുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ച് വീഡിയോ കോൺഫ റൻസിംഗ് സംവിധാനം ഒരുക്കുക, ജയിലുകളിലെ സ്ഥലപരിമിതി പരിഹരി ക്കുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ സർവൈലൻസ് സിസ്റ്റം ആവിഷ്കരിച്ചു നടപ്പിലാക്കുക, വിവിധ ജയിലുകളിലും ജയിൽ ആസ്ഥാന കാര്യാലയത്തിലും കംപ്യൂട്ടറുകൾ

സ്ഥാപിക്കുക, എഫ്.എം. റേഡിയോ വാങ്ങി ഉപയോഗിക്കുവാൻ തടവുകാർക്ക് അനുമതി നൽകുക, സെൻട്രൽ ജയിലുകളിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും തടവുകാരുടെ ഉപയോഗത്തിനായി കോയിൻ ബോക്സ് ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുക, കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമർ സ്ഥാപിക്കുക തുടങ്ങിയവയും ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെയ്തിട്ടുണ്ട്. 15-1-2009-ലെ കണക്ക് പ്രകാരം 6694 തടവുകാർ കേരളത്തിലെ ജയിലുകളിലുണ്ട്. വനിതാ തടവുകാർക്ക് ജയിലിനുള്ളിൽ തയ്യൽ, എംബ്രോയിഡറി, വീവിംഗ്, ബുക്ക് ബയന്റിംഗ്, പേപ്പർ കവർ നിർമ്മാണം എന്നിവയിലുള്ള പരിശീലനവും സെൻട്രൽ ജയിലുകളിലെ പുരുഷ തടവുകാർക്ക് മരപ്പണി, കൊല്ലപ്പണി, സോപ്പ് നിർമ്മാണം, തുണി നെയ്ത്ത്, തയ്യൽ എന്നിവയിലുള്ള പരിശീലനവും നൽകിവരുന്നു. കൂടാതെ തടവുകാർക്ക് വെട്ടുകല്ല് നിർമ്മാണം, ഡയറിഫാം, ഗോട്ട്ഫാം, തേനീച്ച വളർത്തൽ, റബ്ബർ ടാപ്പിംഗ്, റബ്ബർ ഷീറ്റ് ഉൽപാദനം, കെട്ടിടനിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയ രംഗങ്ങളിലും പരിശീലനം നൽകിവരുന്നുണ്ട്. ശിക്ഷ ഇളവ് കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർ സാമുഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊബേഷൻ ആഫീസറുടെ നിരീക്ഷണത്തിലായിരിക്കും. ഈ കാലയളവിൽ പ്രൊബേഷൻ ആഫീസർ ഇയാളുമായി നിരന്തര ബന്ധം പുലർത്തുന്നതാണ്. കുടുംബത്തിലും സമൂഹത്തിലും പുനരധിവസിപ്പിക്കുന്നതിനും മാന്യമായ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുമായി സഹായിക്കുകയും സ്വയം തൊഴിൽ ചെയ്യുന്നതിനായി പതിനായിരം രൂപ വരെ ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. കോടതി നിർദ്ദേശപ്രകാരം തടവുകാരുടെ പരോൾ വ്യവസ്ഥയിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഓരോ കേസ്സും

പരിശോധിച്ച് 15 ദിവസം വരെ പരോൾ നീട്ടിക്കൊടുക്കുന്നതാണ്. ജയിലിലെത്തുന്ന ബോൺ ക്രിമിനലുകളായ തടവുകാരെ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ജയിലിലുണ്ട്. റിമാൻഡ് തടവുകാർ കോടതിയിൽ പോയി തിരിച്ചുവരുന്ന സമയത്ത് ലഹരി സാധനങ്ങൾ ജയിലിൽ കൊണ്ടുവരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽപരിശോധന കർക്കശമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 14 വർഷം പൂർത്തിയാക്കിയ 103 തടവുകാരെ വിട്ടയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. തമിഴ്നാട്, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ 10 വർഷം കഴിഞ്ഞ തടവുകാരെ വിട്ടയയ്ക്കുന്നതായി മനസ്സിലാക്കിയതിനാൽ 10 വർഷം കഴിഞ്ഞ 169 തടവുകാരുടെ ലിസ്റ്റ് ഗവർണ്ണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിമാൻഡ് തടവുകാരും കൺവിക്റ്റഡ് പ്രിസണേഴ്സും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് സെൻട്രൽ ജയിൽ കൺവിക്റ്റഡ് പ്രിസണേഴ്സിന് മാത്രമായി ഉപയോഗിക്കാൻ തീരുമാനിക്കുകയും കണ്ണൂരിൽ ഒരു സബ് ജയിലും ഒരു വനിതാ ജയിലും തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സബ്ജയിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജയിൽ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കാനുള്ള പദ്ധതി ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതാണ്. ജയിൽ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം കൃഷി യോഗ്യമാക്കാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. നിയമം ഭേദഗതി ചെയ്യുന്ന സന്ദർഭത്തിൽ ജയിൽ അഡ്വൈസറി കമ്മിറ്റിയുടെ ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ആശുപത്രിയിലെത്തുന്ന തടവുകാർക്ക് വേണ്ട സൗകര്യം ഒരുക്കുന്നതിനായി

ആരോഗ്യവകുപ്പുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മെഡിക്കൽകോളേജുകളിൽ പ്രത്യേകമായ ക്രമീകരണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സബ് ജയിലുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഗവണ്മെന്റ് ഒരു പദ്ധതി തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. പാസ്പോർട്ടും മറ്റ് യാത്രാരേഖകളുമില്ലതെ പിടിക്കപ്പെട്ട് വിചാരണ നേരിടുന്ന മറ്റു രാജ്യങ്ങളിൽ നിന്നുള്ള തടവുകാരെ വിട്ടയയ്ക്കുന്ന കാര്യത്തിൽ കോടതിയുടെ അനുമതിയോടുകൂടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു ത്തരമായി മന്ത്രി വ്യക്തമാക്കി.

4(*32) <u>പാഠപുസ്തക വിതരണം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) നൽകിയ മറുപടിയിൽ, 2009-2010 അധ്യയന വർഷ ത്തേയ്ക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും സ്കൂൾ തുറക്കുന്ന ആഴ്ച തന്നെ വിതരണം ചെയ്യാനാകുംവിധം അച്ചടിയും അനുബന്ധ ജോലികളും പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 9, 10 ക്ലാസുകളിലെ മാറ്റമില്ലാത്ത മുഴുവൻ പുസ്തകങ്ങളുടേയും അച്ചടി പൂർത്തി യായിട്ടുണ്ട്. പരിഷ്ക്കരിച്ചതും പുതുതായി ഏർപ്പെടുത്തിയതുമായ എല്ലാ പുസ്തകങ്ങളും അച്ചടിക്കുവാൻ തയ്യാറായിട്ടുണ്ട്. ഈ അധ്യയന വർഷം മുതൽ നടപ്പിലാക്കിയിട്ടുള്ള കൂടുതൽ പേജുകളുള്ള പാഠപുസ്തകങ്ങൾ രണ്ട് വാല്യങ്ങളായി അച്ചടിക്കുന്ന രീതി തുടരാനാണ് ഉദ്ദേശിക്കുന്നത്. എട്ടാംതരം വരെയുള്ള ക്ളാസ്സുകളിലെ പാഠപുസ്തകങ്ങൾ സൗജന്യമായി കൊടുക്കുന്നത് അടുത്തവർഷവും തുടരും. 2005-ലെ ദേശീയ പാഠ്യപദ്ധതി

പരിഷ്ക്കരണത്തിന്റെ ചുവടുപിടിച്ച് ആരംഭിച്ച പദ്ധതി പ്രകാരം ആദ്യത്തെ വർഷം 1, 3, 5, 7 ക്ലാസ്സുകളിലെയും അടുത്ത വർഷം 2, 4, 6, 8 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണത്തിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. എട്ടാംതരം വരെയുള്ള പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം പൂർത്തിയായിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും പരിഷ്ക്കരിക്കുന്നതാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ഉള്ളടക്കം, ഇൻഡ്യൻ ഭരണഘടനയുടെ അന്ത:സത്ത, മതേതര ജനാധിപത്യമൂല്യങ്ങൾ, ശാസ്ത്രീയബോധം എന്നിവ വിദ്യാർത്ഥികൾക്ക് പകർന്നുകൊടുക്കണമെന്നുള്ള സമീപനമാണ് പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്നത്. നിലവിലുള്ള രീതിയിൽ നിന്ന് വ്യത്യസ്തമായി പാഠപുസ്തക ഭാഗങ്ങൾ വിദഗ്ദ്ധരുടെ പരിശോധനയ്ക്കുശേഷം കരിക്കുലം കമ്മിറ്റി വിശദമായി പരിശോധിച്ച് രേഖാമൂലം സമർപ്പിക്കുന്ന അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് തയ്യാറാക്കുന്നത്. ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തക വിവാദവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാനും പരിഷ്ക്കരിച്ച പാഠപുസ്തകങ്ങൾ സമഗ്രമായി അവലോകനം നടത്താനും നിയോഗിച്ച കെ.എൻ. പണിക്കർ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം പരിഷ്ക്കരിച്ച 33 പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തി അടുത്ത വർഷം വിതരണം ചെയ്യുന്നതാണ്. പാകപ്പിഴകൾ പരിഹരിച്ച് അടുത്ത വർഷം മുതൽ പാഠപുസ്തകവിതരണം പൂർണ്ണമായും കുറ്റമറ്റതാക്കുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്. സ്കൂളുകളിൽ നിന്ന് ഇൻഡന്റ് ശേഖരിച്ച് നേരിട്ട് സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് സർക്കാർ പരിശോധിക്കുകയാണ്. കൂടാതെ ജനപ്രതിനിധികളേയും അധ്യാപക-രക്ഷകർതൃ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ മോണിറ്ററിംഗ് സംവിധാനം ജില്ലാതലത്തിൽ ഏർപ്പെടുത്തുന്നതാണെന്നും അതിൽ എം.എൽ.എ.-മാരെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

5 (*33) <u>സഹകരണബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) നൽകിയ മറുപടിയിൽ, 2008 ജൂണിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീക രിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതുപ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 40 ശതമാനമെങ്കിലും കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടു ണ്ടെന്നും സഭയെ അറിയിച്ചു. കാർഷിക വായ്പയ്ക്ക് കർഷകരിൽ നിന്നും ഈടാക്കുന്ന പലിശ നിരക്ക് കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരമാവധി കുറച്ചിട്ടുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നെൽകൃഷിക്ക് പലിശയില്ലാ വായ്പ നൽകുന്നതുകൂടാതെ കാർഷിക വായ്പകൾ ഒട്ടും വിതരണം ചെയ്യാത്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെപ്പറ്റി

ആദ്യമായി ഒരു പഠനം നടത്തുകയും അത്തരം ബാങ്കുകളെ കാർഷിക ബാങ്കുകളുടെ പട്ടികയിൽനിന്നും മാറ്റി കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുന്നതിന് സംഘങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ കാരണം കാണിക്കൽ നോട്ടീസ് കൊടുത്തിരിക്കുകയാണ്. വിശദീകരണം തൃപ്തികരമല്ലെങ്കിൽ കാറ്റഗറി മാറ്റി അവയെ മറ്റ് ബാങ്കുകളായി മാറ്റാൻ നടപടി സ്വീകരിക്കുകയും പുതിയ കാർഷിക സഹകരണ ബാങ്കുകൾ അവിടെ സ്ഥാപിച്ചുകൊണ്ട് കൃഷിക്കാരെ സഹായിക്കുന്നതുമാണ്. കാർഷിക വായ്പാ വിതരണം ഇനിയും ഗണ്യമായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാർഷിക വായ്പയുടെ പലിശ കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടും 2005-06 വരെ 9 ശതമാനം പലിശ വരെ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് വാങ്ങിയിരുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ കുറയ്ക്കുകയുണ്ടായി. പരമാവധി 7 ശതമാനത്തിൽ അധികരിക്കാതെ കാർഷിക വായ്പ ഇപ്പോൾ സാർവത്രികമായി നൽകി വരുന്നുണ്ട്. നെൽകൃഷിക്ക് പലിശ രഹിത വായ്പയാണ് കൊടുക്കുന്നത്. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്നതിന് പുനർവായ്പ ഇനത്തിൽ പരമാവധി തുക നബാർഡിൽ നിന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷികവായ്പയുടെ വിഹിതം 40 ശതമാനം എന്നുള്ളത് 35 ശതമാനവും 30 ശതമാനവുമായി നബാർഡ് വെട്ടിക്കുറച്ചിരിക്കുകയാണ്. 85 ശതമാനം വിഹിതമെങ്കിലും കുറഞ്ഞ പലിശയ്ക്ക് നബാർഡ് തരണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്. നബാർഡിന്റെ 30 ശതമാനം അസിസ്റ്റൻസുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7 ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങരുതെന്നാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം.

സഹകരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന കാർഷിക വായ്പാ വിഹിതത്തിന് 2 ശതമാനം പലിശ ഇളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) നബാർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 7 ശതമാനം പലിശ നിരക്കിൽ സ്വർണ്ണത്തിന്റെ ഈടിന്മേൽ കാർഷിക വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചിട്ടുണ്ട്. 18-5-2006-ലെ നിക്ഷേപ ബാക്കി നിൽപ്പ് 20287.23 കോടി രൂപയായിരുന്നത് കഴിഞ്ഞ 30 മാസത്തിനുള്ളിൽ 43006.09 കോടി രൂപയായി വർദ്ധിച്ചു. ഇതെല്ലാം സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. 7 നിക്ഷേപ സമാഹരണത്തിലൂടെയാണ് ഈ ചരിത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഇ. നാരായണൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇരുന്നൂറോളം ഭേദഗതികൾ ഉൾക്കൊള്ളുന്ന ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു വരികയാണ്. കുടിശ്ശിക നിവാരണപദ്ധതിയുടെ ഭാഗമായി കിട്ടേണ്ട 300 കോടി രൂപ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പാലക്കാട്, തൃശൂർ, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ സഹകരണ ബാങ്കുകൾക്ക് കൊയ്ത്തുയന്ത്രം വാങ്ങാനായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആലപ്പുഴ ജില്ലയ്ക്കായി 8 കൊയ്ത്തുയന്ത്രങ്ങൾ വാങ്ങിക്കഴിഞ്ഞതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 240 മുതൽ 536 വരെയുള്ള ചോദ്യങ്ങളിൽ 89 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)